കെട്ടിക്കിടക്കുന്ന കൈത്തറിത്തുണികൾ വിറ്റഴിക്കാൻ നടപടി

*5 [481] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*

ശ്രീ. പിരപ്പൻകോട് മുരളി:

„ *കെ. പി. സതീശ് ചന്ദ്രൻ:*

„ *വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി തുണിത്തരങ്ങളുടെ ശേഖരണവും വിപണനവും നടത്തുന്ന സംസ്ഥാനതല സ്ഥാപനങ്ങളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ശേഖരിക്കുന്ന കൈത്തറിത്തുണികൾ കെട്ടിക്കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെട്ടിക്കിടക്കുന്നവ വിറ്റഴിക്കുന്നതിനുണ്ടായിരുന്ന റിബേറ്റ് പുനഃസ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) തുണിത്തരങ്ങളുടെ ശേഖരണത്തിനും വിപണനത്തിനും സഹകരണ സ്ഥാപനങ്ങളെ സഹായിക്കാനുള്ള വല്ല നിർദ്ദേശവും സർക്കാർ പുതുതായി പരിഗണിക്കുന്നുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):*

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കെട്ടിക്കിടക്കുന്ന തുണിത്തരങ്ങൾ വിറ്റഴിക്കുന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന പത്ത് ശതമാനം റിബേറ്റ് 1-4-2005 മുതൽ നിർത്തലാക്കിയിരിക്കുകയാണ്. ഇത് പുനഃസ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

(ഡി) ഇല്ല.

അനാഥാലയങ്ങളുടെയും ധർമ്മ സ്ഥാപനങ്ങളുടെയും പ്രവർത്തനം നിയന്ത്രിക്കാൻ നടപടി

*6 [482] *ശ്രീ. വി. ചെന്താമരാക്ഷൻ:*

„ *സാജുപോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനാഥാലയങ്ങളുടെയും ധർമ്മ സ്ഥാപനങ്ങളുടെയും പ്രവർത്തനം നിയന്ത്രിക്കാൻ പെരുമാറ്റച്ചട്ടം കൊണ്ടുവരുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വിശദമാക്കാമോ;

(സി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഡി) അനാഥാലയങ്ങൾക്കും ധർമ്മ സ്ഥാപനങ്ങൾക്കും നിലവിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*:

(എ) ഉണ്ട്.

(ബി) ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൽ ആക്ട് 1960 പ്രകാരം സംസ്ഥാനത്ത് ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫനേജസ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ്, കേരള രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ബോർഡാണ് സംസ്ഥാനത്ത് അനാഥാലയങ്ങളെയും നിയന്ത്രിക്കുന്നത്. ഈ ബോർഡിൽ 15 അംഗങ്ങളാണുള്ളത്. ഒരു പാർലമെന്റ് അംഗം, മൂന്ന് എം.എൽ.എ. മാർ അനാഥാലയത്തിലെയും ധർമ്മ സ്ഥാപനത്തിലെയും മാനേജിംഗ് കമ്മിറ്റിയിൽ നിന്നും മുൻഗണനാവോട്ടിംഗിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന 5 പേർ. 6 പേരെ സർക്കാർ നോമിനേറ്റ് ചെയ്യുന്നു. (ഇവരിൽ മൂന്നുപേർ വനിതകളായിരിക്കണം).

സാമൂഹ്യക്ഷേമവകുപ്പ് അഡീഷണൽ ഡയറക്ടർ ബോർഡിന്റെ മെമ്പർ സെക്രട്ടറിയാണ്.

(സി) ഇല്ല.

(ഡി) 1960-ലെ ഓർഫനേജ് ആന്റ് അദർ ചാരിറ്റബിൾ ഹോംസ് ആക്ട് അനുസരിച്ച് സംസ്ഥാനത്ത് അനാഥാലയങ്ങളോ മറ്റ് ധർമ്മ സ്ഥാപനങ്ങളോ ആരംഭിക്കണമെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിക്കണം.

അംഗീകാരത്തിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ ആവശ്യമാണ്.

1. താമസിപ്പിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ ഓരോ അന്തേവാസിക്കും താമസിക്കുന്നതിന് ചുരുങ്ങിയത് 24 ചതുരശ്ര അടി സ്ഥലം ഉണ്ടായിരിക്കണം.

2. ആരോഗ്യപരമായ ജീവിതം നയിക്കത്തക്കവണ്ണം കെട്ടിടത്തിൽ കിടപ്പുമുറി, ഭക്ഷണമുറി, പഠനമുറി, സിക്ക് റൂം, അടുക്കള, കുളിമുറി, കക്കൂസ്, പൊതുസ്ഥലം എന്നിവ പ്രത്യേകം ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

3. ശുചീകരണവും അതിനുള്ള സ്ഥലവും ഉണ്ടായിരിക്കണം.

4. കെട്ടിടം ആരോഗ്യപരമായ സ്ഥലത്ത് ആയിരിക്കണം.

5. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക താമസസൗകര്യം ശരിപ്പെടുത്തിയിരിക്കണം.

6. സ്ഥാപനത്തിന്റെ ഭരണ നിർവ്വഹണത്തിനായി തെരഞ്ഞെടുക്കപ്പെട്ട ഒരു മാനേജിംഗ് കമ്മിറ്റി ഉണ്ടായിരിക്കണം.

7. സ്ഥാപനത്തിന് ഒരു അംഗീകൃത ഭരണഘടന ഉണ്ടായിരിക്കണം.

8. കത്തിടപാടുകൾ നടത്തുന്നതിന് ഒരു കറസ്പോണ്ടന്റ് ഉണ്ടായിരിക്കണം.

9. സ്ത്രീകൾക്കുള്ള സംരക്ഷണകേന്ദ്രത്തിന്റെ ചുമതല സ്ത്രീകൾക്കു തന്നെയായിരിക്കണം.

10. അന്തേവാസികളായ കുട്ടികളെയോ, സ്ത്രീകളെയോ, രക്ഷകർത്താക്കളെയോ, അംഗീകൃത സ്ഥാപനങ്ങളെയോ ഏൽപ്പിക്കുകയല്ലാതെ പുറത്താക്കാൻ പാടുള്ളതല്ല.

11. അംഗീകാരം ലഭിച്ച സ്ഥാപനത്തിന്റെ നിലവിലുള്ള പേരോ, ആസ്ഥാനമോ, സ്വഭാവമോ മാറ്റണമെങ്കിൽ ബോർഡിന്റെ അനുമതി വാങ്ങിയിരിക്കണം.

12. 7 വർഷത്തേക്കാണ് അംഗീകാരം നൽകുന്നത്. 7 വർഷം കഴിഞ്ഞാൽ അംഗീകാരം പുതുക്കികിട്ടുന്നതിന് സ്ഥാപനം അപേക്ഷ സമർപ്പിക്കണം.

വ്യവസായ വികസനമേഖലകൾ

*7 [483] *ശ്രീ. എം. കുമാരൻ:*

„ *കെ. പി. രാജേന്ദ്രൻ:*

„ *മാങ്കോട് രാധാകൃഷ്ണൻ:*

„ *പി. നാരായണൻ:*

„ *പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനമേഖലകൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മേഖലകൾ; എവിടെയെല്ലാം;

(ബി) ഈ മേഖലകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ വ്യവസായമേഖലകളിൽ നിന്നും പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ വെളിപ്പെടുത്തുമോ?

GPM. 2/611/2012—6

LIBRARY ARCHIVES Kerala Legislative Assembly